പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *585 28.07.2015 ലെ മറുപടിയ്ക്ക്

## കാർഷിക മേഖലയിൽ സ്വയംപര്യാപ്തത

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്.തോമസ്<br>ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. തോമസ് ഉണ്ണിയാടൻ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | കാർഷിക മേഖലയിൽ കേരളത്തെ സ്വയംപര്യാപ്തമാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) | കാർഷിക മേഖലയിൽ കേരളത്തെ സ്വയംപര്യാപ്തമാക്കുവാൻ പ്രധാന വിളകളായ തെങ്ങ്, നെല്ല്, വാഴ, പച്ചക്കറി എന്നിവയുടെ ഉല്പാദനവർദ്ധനവിനായി കൃഷി വകുപ്പ് വിവിധ കാർഷിക വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>അതോടൊപ്പം കൃഷി രീതികൾ മെച്ചപ്പെടുത്തി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് കാർഷിക യന്ത്രവത്ക്കരണം, കീടരോഗ നിരീക്ഷണവും നിയന്ത്രണവും, ജലസേചനം എന്നിവയ്ക്ക് പ്രത്യേകമായും മറ്റ് പദ്ധതികളുടെ ഭാഗമായും സഹായം നൽകി വരുന്നു. കർഷകർക്ക് ഉല്പന്നങ്ങളിന്മേൽ ന്യായവില ഉറപ്പാക്കുന്നതിന് ഉല്പന്ന സംഭരണ പരിപാടികളും നടപ്പിലാക്കി വരുന്നു. കൂടാതെ ഉല്പാദന വർദ്ധനവിനായി ആധുനിക കൃഷിരീതികൾക്കും പദ്ധതി നിബന്ധനകൾക്കു വിധേയമായി ധനസഹായം നൽകി വരുന്നു. |
| (ബി) | കാർഷികവൃത്തിയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിന് ഈ മേഖലയിൽ കൂടുതൽ സബ്സിഡിയും പഞ്ചായത്ത് തലത്തിൽ എല്ലാ വർഷവും കാർഷികമേളകൾ ജനപങ്കാളിത്തത്തോടെ നടത്തുന്നതിനും നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ബി) | കാർഷിക മേഖലയിൽ വികസന പദ്ധതികൾക്കായി അനുവദിക്കുന്ന തുകയിൽ ഓരോ വർഷവും വർദ്ധനവുണ്ടാകുന്നുണ്ട്. ഇതിൽ നല്ലൊരു ശതമാനവും വിവിധ പദ്ധതികളുടെ ഭാഗമായി കർഷകർക്ക് സബ്സിഡിയായി നൽകി വരുന്നവയാണ്.<br><br>എല്ലാ വർഷവും പഞ്ചായത്ത് തലത്തിൽ ചിങ്ങം -1 വളരെ വിപുലമായി "കർഷകദിന"മായി ആചരിക്കുന്നുണ്ട്. ഇതിൽ കാർഷിക സെമിനാർ, പൊതുയോഗം, മികച്ച കർഷകരെ ആദരിക്കൽ എന്നീ ചടങ്ങുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

കേരളത്തിലെ പ്രധാന വിളകളായ തെങ്ങ്, നെല്ല്, വാഴ, പച്ചക്കറി എന്നിവയുടെ ഉല്പാദനവർദ്ധനവിലൂടെ കാർഷിക മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പാക്കുന്നു.

**തെങ്ങ് :-** 2014-15 സാമ്പത്തിക വർഷം മുതൽ "കേരഗ്രാമം" എന്ന പദ്ധതിയുടെ കീഴിൽ 500 ഹെക്ടർ സ്ഥലത്ത് തുടർച്ചയായി തെങ്ങ് കൃഷിയുള്ള ഒന്നോ സമീപത്തുള്ള ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെയോ തെരഞ്ഞെടുത്ത് ആ പ്രദേശത്തെ നാളികേര വികസനത്തിനായി തെങ്ങിൻതൈകൾ ഉല്പാദിപ്പിക്കുന്ന നഴ്സറികൾ മുതൽ മൂല്യവർദ്ധിത യൂണിറ്റുകൾക്കുള്ള ധനസഹായം വരെ നൽകി വരുന്നു. കൂടാതെ കുറിയ/സങ്കര ഇനം തെങ്ങിൻതൈകൾ ഉല്പാദിപ്പിച്ച് തെങ്ങ് കൃഷി വ്യാപിപ്പിക്കുന്ന "കേരസമൃദ്ധി" പദ്ധതിയും നടപ്പിലാക്കി വരുന്നു.

**നെല്ല്:-** നെൽകൃഷി കൂടുതൽ കൃഷി ചെയ്തു വരുന്ന കുട്ടനാട്, പാലക്കാട് മേഖലകളിൽ ഒരു ഹെക്ടറിന് 4500/- രൂപ നിരക്കിൽ സംസ്ഥാനാവിഷ്കൃത പദ്ധതിയും ആർ.കെ.വി.വൈ പദ്ധതിയും ചേർത്തുകൊണ്ട് നെൽകൃഷിയുടെ വിവിധ ആവശ്യങ്ങൾക്കായി ധനസഹായം നൽകുന്നു. കൂടാതെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, പൊക്കാളി, സുഗന്ധ നെല്ലിനങ്ങൾ തുടങ്ങിയ പ്രത്യേക കൃഷി രീതികൾക്കുള്ള സഹായം, വിവിധ നെൽകൃഷി വികസന ഏജൻസികൾക്കുള്ള ധനസഹായം എന്നിവയും നൽകി വരുന്നു. നെൽകൃഷിയ്ക്ക് ഹെക്ടറിന് 1000/- രൂപ നിരക്കിൽ ഉല്പാദന ബോണസും നൽകുന്നുണ്ട്.

**വാഴ :-** സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന വാഴകൃഷി, സുഗന്ധവ്യഞ്ജന വിളകൾ, പുഷ്പകൃഷി മുതലായ മറ്റ് ഹോർട്ടിക്കൾച്ചർ വിളകൾ എന്നിവയുടെ വികസനത്തിനായി നടീൽ വസ്തുക്കളും കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ധനസഹായവും നൽകിവരുന്നു.

**പച്ചക്കറി:-** പരമ്പരാഗത കൃഷിക്കാർ, വിദ്യാർത്ഥികൾ, വീട്ടമ്മമാർ, റസിഡൻസ് അസോസിയേഷനുകൾ, സർക്കാർ/സ്വകാര്യ സ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ തുടങ്ങി സമൂഹത്തിലെ എല്ലാ മേഖലയിലുമുള്ളവരെയും പങ്കാളികളാക്കി 2011-12 വർഷം മുതൽ "സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി" നടപ്പാക്കി വരുന്നു. സൗജന്യ നിരക്കിൽ വിത്ത് വിതരണം, കൃഷി വിസ്തൃതിയുടെ അടിസ്ഥാനത്തിൽ ധനസഹായം, സംഘടനകൾക്ക് സർക്കാർ/സ്വകാര്യ ഭൂമിയിൽ കൃഷി ചെയ്യുന്നതിന് പ്രോജക്ടടിസ്ഥാനത്തിൽ ധനസഹായം, സ്കൂൾ/കോളേജ് വളപ്പിൽ കൃഷി എന്നിങ്ങനെ വിവിധ ഘടകങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**